● വാസ്തവം/അനുഭവം

# "ഇത്രയെങ്കിലും എന്റെ വീട്ടുകാർക്കുവേണ്ടി ഉണ്ടാക്കികൊടുക്കാൻ എനിക്കു പറ്റണ്ടെ സാറേ?...."

**ഇതൊരു കഥയല്ല, യാഥാർത്ഥ്യം മാത്രം. കേരളത്തിൽ ഇപ്പോൾ സാധാരണമായിക്കൊണ്ടിരിക്കുന്ന എയ്ഡ്സ് രോഗിയുടെ കുടുംബത്തിലെ അസാധാരണ വിവരണം-സാന്ത്വന ചികിത്സയ്ക്കുപ്പോയ ഡോക്ടറുടെ വാക്കുകളിൽ. സ്വകാര്യതയ്ക്കുവേണ്ടി യഥാർത്ഥ പേരുകൾ ഒഴിവാക്കിയിരിക്കുന്നു.**

**ഇതൊരു** കഥയല്ല.

കഥയെന്നു നിങ്ങൾക്കുതോന്നിയേക്കും. എന്നാൽ, ഹൃദയത്തെ സ്പർശിച്ച, മിഴിവാർന്ന എന്റെയൊരനുഭവം.

മലപ്പുറം ജില്ലയിൽ, കാൻസറും മറ്റുചില മാറാരോഗങ്ങളും പിടിപ്പെട്ട നിസ്സഹായരായ രോഗികൾക്ക് സൗജന്യമായി പാലിയേറ്റീവ് പരിചരണം നൽകുന്ന ഇരുപതോളം ജനകീയ പാലിയേറ്റീവ് ക്ലിനിക്കുകളുണ്ട്. അതിലൊന്നിൽ ജോലി ചെയ്യുന്ന ഒരു ഡോക്ടറാണ് ഞാൻ.

ഏഴു മാസങ്ങൾക്കു മുമ്പാണ്. എനിക്കൊരു ഫോൺകോൾ. അങ്ങേത്തലയ്ക്കൽ വിറയാർന്ന ഒരു ശബ്ദം.

"ഡോക്ടറുടെ ഒരു സുഹൃത്താണ് എനിക്കീ നമ്പർ തന്നത്. എന്റെ അനുജന് ഡോക്ടറുടെ ഒരു സഹായം വേണം. ഞാൻ ഡോക്ടറെ കാണാൻ വരട്ടെ ?"

ക്ലിനിക്കിൽ വരാൻ ഞാൻ നിർദ്ദേശിച്ചു.

"അതുവേണ്ട. ഡോക്ടറുടെ വീട്ടിലും പറ്റില്ല. രഹസ്യമായി ചിലതു സംസാരിക്കാനുണ്ട്."

എന്താണിത്ര രഹസ്യം ? ഏതായാലും മറ്റൊരു സ്ഥലം ഞാൻ നിർദ്ദേശിച്ചു. അന്നു വൈകുന്നേരം കാണാമെന്നും പറഞ്ഞു.

രോഗിയുടെ ജ്യേഷ്ഠനും ഒരു സുഹൃത്തും കൂടിയാണ് വന്നത്. അവർ ആകെ പരിഭ്രാന്തരായിരിക്കുന്നു. സ്വരം താഴ്ത്തിയാണ് സംസാരിക്കുന്നത്.

"സാറേ, ജീവിക്കണോ മരിക്കണോ എന്ന് അറിയാൻ പാടില്ലാത്ത അവസ്ഥയിലാണ് ഞങ്ങൾ. കൂലിപ്പണിക്കാരാണ്. ഒരു ചെറ്റക്കുടിലിലാണ് താമസം. പക്ഷേ അഭിമാനം കളഞ്ഞുകുളിക്കാത്ത കുടുംബമാണ്. ഇപ്പോഴിതാ .... അനുജന് മറ്റേ സൂക്കേട് വന്നിരിക്കുന്നു ...."

"എന്ത്?"

"അതേന്നേ ..... എയ്ഡ്സ്" അയാൾ ഒന്നുകൂടി സ്വരം താഴ്ത്തി പറഞ്ഞുതുടങ്ങി. "കള്ളുകുടിയനും താന്തോന്നിയുമാണെങ്കിലും അവൻ കുടുംബം നോക്കുന്നവനായിരുന്നു. കർണ്ണാടകത്തിലേക്ക് കൊപ്രയും മറ്റും കൊണ്ടുപോകുന്ന ഒരു ലോറി ട്രാൻസ്പോർട്ടിൽ സ്ഥിരം ജോലിക്കാരൻ. കല്യാണം കഴിഞ്ഞ് രണ്ടുവർഷമായതേയുള്ളൂ. ഒരു ചെറിയ



ചിത്രീകരണം : മോഹനൻ വി.

പെൺകുഞ്ഞുമുണ്ട്. മൂന്നുനാലുമാസമായി ഇടക്കിടെ പനി വരുന്നു. ശരീരവും നന്നെ മെലിഞ്ഞുപോയി. രണ്ടാഴ്ചയായി കടുത്ത ശ്വാസംമുട്ടുമുണ്ട്. നല്ല ഒരാശുപത്രിയിൽ കാട്ടാമെന്ന് പറഞ്ഞിട്ട് എന്തോ അവൻ സമ്മതിച്ചില്ല. അവശത കൂടിക്കൂടി വന്നപ്പോൾ ഞങ്ങളെല്ലാം കൂടി നിർബന്ധിച്ച് കഴിഞ്ഞയാഴ്ച കോഴിക്കോട് മെഡിക്കൽ കോളേജിൽ കൊണ്ടുപോയി. രണ്ടുദിവസം കഴിഞ്ഞപ്പോൾ ഡോക്ടർ ഞങ്ങളെ വിളിച്ചുപറഞ്ഞു എയ്ഡ്സാണെന്ന്. തലക്ക് അടി കിട്ടിയതുപോലെയായിപ്പോയി സാറെ. ഡോക്ടർമാർ പറഞ്ഞു കുറച്ചു ദിവസം അഡ്മിറ്റായി കിടക്കണമെന്ന്. ഞങ്ങൾ അന്നുതന്നെ നിർബന്ധം പറഞ്ഞ് പേരുവെട്ടിച്ച് വീട്ടിലേക്കു കൊണ്ടുവന്നു. എന്തൊക്കെയോ മരുന്നുകളും വാങ്ങി വെച്ചിട്ടുണ്ട്. അവനാണെങ്കിൽ ഒന്നും തൊടാൻ കൂട്ടാക്കുന്നില്ല. മരിക്കുന്നെങ്കിൽ മരിക്കട്ടെയെന്ന് ഞങ്ങളും കരുതി. എന്നാൽ അടുത്തെങ്ങും മരിക്കുന്ന ലക്ഷണവും കാണുന്നില്ല. ശ്വാസം മുട്ടികിടക്കുകയാണ്. എഴുന്നേൽക്കാൻ

വയ്യ. ഇന്നലെ മുതൽ വയറിളക്കവുമുണ്ട്. എത്രയൊക്കെയായാലും ഞങ്ങളുടെ ചോര തന്നെയല്ലേ സാർ. കണ്ടു സഹിക്കാൻ പറ്റുന്നില്ല. വല്ല ആശുപത്രിയിലും പോകാനുള്ള ധൈര്യമില്ല. വിളിച്ചാൽ അവനൊട്ടു വരികയുമില്ല. എന്തു ചെയ്യണമെന്നറിയാതെ ഇരിക്കുമ്പോഴാണ് ഒരാൾ സാറിന്റെ നമ്പർ തന്നത്. ഒന്നു വീട്ടിലേക്കു വരാമോ സാർ ? ..... ഒരു കണ്ടീഷനുംകൂടി ...... ഒരു കുഞ്ഞുകുട്ടിപോലും അസുഖത്തിന്റെ വിവരം അറിയരുത്. അറിഞ്ഞാൽ പിന്നെ ഞങ്ങൾ ജീവിച്ചിരുന്നിട്ട് കാര്യമില്ല ....."

അപ്പോൾ തന്നെ വരാമെന്നു ഞാൻ പറഞ്ഞു. അതുവേണ്ടെന്നും വീട്ടിൽ വിവരം അറിയിച്ചശേഷം നാളെ വൈകിട്ടു വന്നാൽ മതിയെന്നുമായി അവർ.

വീട്ടിൽ ആർക്കൊക്കെ അസുഖത്തിന്റെ വിവരം അറിയാം എന്നു ഞാൻ തിരക്കി.

ഞങ്ങൾ സഹോദരന്മാർക്കും ഒന്നുരണ്ടു ബന്ധുക്കൾക്കും ചില സുഹൃത്തുക്കൾക്കും മാത്രം അറിയാം. വീട്ടിൽ ഉമ്മക്കും ഞങ്ങളുടെ ഭാര്യമാർക്കും സംശയമുണ്ടെന്നു തോന്നുന്നു. ആരും ഇതെപ്പറ്റി തുറന്നു സംസാരിക്കാറില്ല. വീടാകെ ഒരു മരണവീടുപോലെയാണ്. അസുഖവിവരമറിഞ്ഞ് ചില ബന്ധുക്കളും അവന്റെ ഭാര്യവീട്ടുകാരും വരുന്നുണ്ട്. പകരുന്ന ഒരുതരം ന്യൂമോണിയ ആണെന്നുപറഞ്ഞ് ഒരുതരത്തിൽ അകറ്റി നിർത്തിയിരിക്കുകയാണ് ഞങ്ങൾ ...."



ഏതായാലും വഴി ചോദിച്ചു മനസ്സിലാക്കി ഞാൻ പിറ്റേന്നു സന്ധ്യക്ക് ആ വീട്ടിലേക്കുപോയി. എന്റെ താമസസ്ഥലത്തുനിന്നും നാലു കിലോമീറ്റർ ദൂരെയാണ്. പാടവും തെങ്ങിൻ തോപ്പും കടന്ന് മുക്കാൽ കിലോമീറ്ററോളം നടക്കണം ആ വീട്ടിലെത്താൻ.

മൺഭിത്തികളുള്ള, ഓലമേഞ്ഞ ഒരു ചെറിയ വീട്. മുന്നു മുറികളും, ഒരു ചായ്പ്പും, ഒരടുക്കളയും മാത്രം. റഷീദും (നമുക്കയാളെ അങ്ങനെ വിളിക്കാം) രണ്ടു ജ്യേഷ്ഠന്മാരും അവരുടെ ഭാര്യമാരും ആറു കൊച്ചു കുട്ടികളും റഷീദിന്റെ ഉമ്മയും, വിവാഹം കഴിഞ്ഞിട്ടില്ലാത്ത ഒരനുജനും, ഒക്കെക്കൂടി വലിയ ഒരു കുടുംബം ആ കൊച്ചുവീട്ടിൽ കഴിഞ്ഞുകൂടുന്നു. വാപ്പ മരിച്ചിട്ട് പതിനഞ്ചു വർഷം കഴിഞ്ഞു. സഹോദരന്മാരെല്ലാം കൂലിപ്പണിക്കാരാണ്. നാട്ടിൽ പേരുദോഷം കേൾപ്പിക്കാത്ത സൽസ്വഭാവികൾ.

പുറകുവശത്തെ ചായ്പ്പിനോടു ചേർന്ന ഇരുണ്ട ഒരു മുറിയിൽ മണ്ണെണ്ണ വിളക്കിന്റെ വെളിച്ചത്തിൽ ഒരു മനുഷ്യരൂപം കിടക്കുന്നു. എല്ലും തോലുമായിട്ടുണ്ട്. ഒരു മരക്കട്ടിലിൽ പായ വിരിച്ച് അതിന്മേൽ ഒരു പ്ലാസ്റ്റിക് ഷീറ്റിട്ടാണ് കിടക്കുന്നത്. ഇടക്ക് അറിയാതെ വയറിളകിപ്പോയാലോ എന്നു പേടിച്ചിട്ടാണ്. മുറിയിൽ കടന്നപ്പോഴേ കേട്ടു - നെഞ്ചിൻ കൂടിനകത്ത് അരിപ്രാവുകൾ കുറുകുന്നതുപോലെ ശബ്ദം. ശ്വാസഗതി വേഗത്തിലാണ്. ക്ഷീണിതമായ പതിഞ്ഞ സ്വരത്തിൽ, കിതപ്പോടെ, റഷീദ് ആദ്യമായി പറഞ്ഞത് ഈ വാചകമാണ്.

"സാറേ .... എന്തായാലും ..... ഈ സൂക്കേടിന് ചികിത്സയില്ല ..... നിങ്ങളെപ്പോലുള്ള ആളുകളുടെ കയ്യിൽ .... ജീവൻ അവസാനിപ്പിക്കാനുള്ള ..... സൂചിയുണ്ടാകുമെന്നറിയാം. മറ്റൊരു ചികിത്സയും എനിക്കുവേണ്ട .... ഇന്നുതന്നെ ..... അങ്ങനെയൊരു സൂചി ..... എനിക്കു വെച്ചുതന്നാൽ മതി...."

റഷീദിന്റെ കൈപിടിച്ച് ആ കട്ടിലിനടുത്ത് ഇരുന്ന് ഒരു മണിക്കൂറോളം ഞാൻ സംസാരിച്ചു. അസുഖത്തെപ്പറ്റിയുള്ള അയാളുടെ കുറേ സംശയങ്ങൾക്ക് ഞാൻ മറുപടി കൊടുത്തു. സമാനമായ രോഗികളുടെ അനുഭവങ്ങളെപ്പറ്റിയും. ആയുസ്സു ദീർഘിപ്പിപ്പിക്കാനല്ല, ബുദ്ധിമുട്ടുകൾ കുറക്കാനാണ് മരുന്നുകൾ കഴിക്കുന്നതെന്നും ഞാൻ പറഞ്ഞു. മുറിയുടെ വാതിലിനരികിൽ ജ്യേഷ്ഠന്മാർ മറ്റാരെങ്കിലും കേൾക്കുന്നുണ്ടോ എന്ന് തിക്കുംപൊക്കും നോക്കിക്കൊണ്ടിരുന്നു.

റഷീദിന് അസുഖം വന്നത് എങ്ങനെയെന്ന് ഞാൻ ചോദിച്ചില്ല. റഷീദ് പറഞ്ഞുമില്ല.

വർത്തമാനത്തിനിടക്ക് റഷീദിന്റെ ഉമ്മ കട്ടൻ ചായയും പലഹാരവുമായെത്തി. അവിടെയിരുന്നുകൊണ്ടുതന്നെ അതുമുഴുവൻ ഞാൻ കഴിച്ചു.

ഏതായാലും സംഭാഷണത്തിനൊടുവിൽ റഷീദ് ഒരു കാര്യം സമ്മതിച്ചു. മരുന്നുകൾ കൃത്യമായി കഴിച്ചുകൊള്ളാമെന്ന്.

ചെറിയ ചില പരിശോധനകൾ കൊണ്ടുതന്നെ രോഗം വ്യക്തമായിരുന്നു. എച്ച്.ഐ.വി. ബാധിതർ വർഷങ്ങൾക്കുശേഷം എയ്ഡ്സ് എന്ന രോഗാവസ്ഥയിലേക്ക് കടക്കുമ്പോൾ ഏറ്റവും സാധാരണയായുണ്ടാകുന്ന പി.സി. ന്യൂമോണിയ എന്ന അണുബാധയാണ് റഷീദിന്. നമ്മുടെയെല്ലാം ചുറ്റിനും അന്തരീക്ഷത്തിൽ കാണുന്ന, നമ്മെ ആക്രമിക്കാൻ കഴിവില്ലാത്ത ഒരു "പാവം അണു"വാണ് ന്യൂമോസിസ്റ്റിസ് കാരിനീ എന്ന ഈ ദുർബലൻ. എയ്ഡ്സ് രോഗാണു റഷീദിന്റെ പ്രതിരോധശേഷിയെ തറപറ്റിച്ചപ്പോൾ കിട്ടിയ അവസരം മുതലാക്കി കയറിക്കൂടിയിരിക്കുകയാണ്, വില്ലന്റെ രൂപത്തിൽ.

പരിശോധനക്കിടയിൽ ഞാൻ മറ്റൊരു കാര്യം ശ്രദ്ധിച്ചു. റഷീദിന്റെ കഴുത്തിലും കക്ഷത്തിലും ഏതാനും മുഴകൾ. എയ്ഡ്സ് രോഗികളിൽ കാണുന്ന പിജിഎൽ എന്ന സാധാരണ കഴല വീക്കമാണോ, അതോ ഇത്തരക്കാരിൽ കൂടുതൽ കാണുന്ന ലിംഫോമ എന്നയിനം കാൻസറോ, അതുമല്ല എയ്ഡ്സ് രോഗാണുവിന്റെ ഏറ്റവുമടുത്ത ചങ്ങാതിയായ സാക്ഷാൽ ക്ഷയരോഗാണുവിന്റെ ആക്രമണമോ? അറിയാൻ വഴിയില്ല.

ഏതായാലും ക്ലിനിക്കിൽ വന്ന് രഹസ്യമായി മരുന്നുകൾ കൈപ്പറ്റാൻ ഞാൻ റഷീദിന്റെ ജ്യേഷ്ഠനോട് പറഞ്ഞു. യാത്ര പറഞ്ഞിറങ്ങുമ്പോൾ റഷീദിന്റെ കണ്ണുകൾ നിറഞ്ഞൊഴുകുന്നുണ്ടായിരുന്നു.

പി.സി ന്യൂമോണിയക്കും വയറിളക്കത്തിനും അനുയോജ്യ

മായ മൂന്നുതരം ആന്റിബയോട്ടിക്കുകളും ശ്വാസം മുട്ടിനുള്ള ചില മരുന്നുകളും മാത്രമാണ് ഞാൻ കൊടുത്തുവിട്ടത്.

അഞ്ചുദിവസം കഴിഞ്ഞാണ് റഷീദിനെ പിന്നീടു ഞാൻ കാണുന്നത്. എന്നെകണ്ടയുടനെ റഷീദ് പരസഹായമില്ലാതെ കട്ടിലിൽ എഴുന്നേറ്റിരുന്നു. ശ്വാസംമുട്ടൽ ഏതാണ്ടു പൂർണ്ണമായി മാറിയിരുന്നു. വയറിളക്കവും ഏതാണ്ടു ശമിച്ചിരിക്കുന്നു. മരുന്നുകൾ നിർത്തേണ്ടെന്നുപറഞ്ഞ് പത്തുദിവസത്തേക്കുള്ള മരുന്നുകൾ കൊടുത്തേൽപ്പിച്ച് ചായയും കുടിച്ച് ഞാൻ യാത്രപറഞ്ഞു.

പത്തുദിവസം കഴിഞ്ഞ് അതുപോലൊരു സന്ധ്യക്ക് ഞാൻ റഷീദിന്റെ വീട്ടിൽചെന്നു. മുറ്റത്തുനിന്ന് പേരുവിളിച്ചപ്പോൾ വാതിൽ തുറന്ന് പുറത്തേക്കിറങ്ങിവന്നു. നിറനിലാവുപോലെ ചിരിച്ചുകൊണ്ട് റഷീദ്!

പറമ്പിലിട്ട കസേരകളിലിരുന്ന് കുറേസമയം ഞങ്ങൾ സംസാരിച്ചു. ചെയ്തുപോയ കുരുത്തക്കേടുകൾക്കും "ഹറാംപെറപ്പുകൾക്കും" റഷീദ് വല്ലാതെ പശ്ചാത്തപിക്കുന്നുണ്ടായിരുന്നു. ഇനിയങ്ങോട്ട് എന്ത് എന്ന വ്യാകുലതയും അവന്റെ വാക്കുകളിൽ നിറഞ്ഞുനിന്നിരുന്നു.

മരുന്നുകൾ ചുരുക്കി ഒരു മരുന്നുമാത്രം തുടരാനാവശ്യപ്പെട്ട് ഞാൻ മടങ്ങിപ്പോന്നു. ചില തിരക്കുകൾ കാരണം രണ്ടാഴ്ച കഴിഞ്ഞേ ഇനി കാണാനാവൂവെന്നും പറഞ്ഞു. മടങ്ങുമ്പോൾ കുറച്ചുദൂരം റഷീദും അനുഗമിച്ചു. ക്ഷീണം കാരണം നടക്കാൻ അവന് ബുദ്ധിമുട്ടുണ്ടാക്കിയിരുന്നുവെങ്കിലും ....

പത്തുപന്ത്രണ്ടു ദിവസം കഴിഞ്ഞ് എനിക്ക് പെട്ടെന്നൊരു ഫോൺകോൾ. റഷീദിന്റെ ജ്യേഷ്ഠനാണ്. ഇന്നുതന്നെ വരണമെന്നും ആവശ്യപ്പെട്ടു.

വൈകീട്ട് വീട്ടിലെത്തിയപ്പോൾ റഷീദ് കരച്ചിലൊതുക്കിയാണ് സംസാരിച്ചത്. "സാറേ, പച്ചവെള്ളം പോലും കുടിക്കാൻ വയ്യ. വായ നീറിയിട്ട് വയ്യ. എന്തെങ്കിലും ഇറക്കുമ്പോൾ. കടുത്ത നെഞ്ചുവേദനയാണ്. അല്ലാത്തപ്പോഴും ചുട്ടുപുകച്ചിൽ തന്നെ. വായക്കകത്ത് കട്ടകട്ടപോലെ എന്തോ പറ്റിപ്പിടിച്ചിരിക്കുന്നു."


വായ തുറന്ന് ടോർച്ചടിച്ചു നോക്കിയപ്പോൾ കണ്ടു കാൻഡിഡ എന്ന പൂപ്പൽ വർഗ്ഗത്തിൽപെട്ട അണുവിന്റെ ആക്രമണമാണ്. തൈരിന്റെ കട്ടകൾ പോലെ നാവിലും കവിളിന്റെ ഉൾഭാഗത്തും പറ്റിപ്പിടിച്ചിരിക്കുന്നു. ലക്ഷണം കണ്ടിട്ട് അന്നനാളത്തിലും ഇതേപോലെ പൂപ്പൽ നിറഞ്ഞിരിക്കുന്നുണ്ടെന്നു തോന്നി. ശ്വാസം മുട്ടും വയറിളക്കവും മാറിയപ്പോൾ റഷീദ് ആവശ്യത്തിന് ഭക്ഷണം കഴിച്ചു തുടങ്ങിയതായിരുന്നു. രണ്ടുദിവസമായി ഈ മാരണം തുടങ്ങിയിട്ട്.

രാത്രിതന്നെ ജ്യേഷ്ഠനെയും കൂട്ടിപ്പോയി ക്ലിനിക്ക് തുറന്ന് കുറച്ചു മരുന്നുകൾ എടുത്തുകൊടുത്തു. പൂപ്പിനെതിരായ ഗുളികകൾക്ക് കുറച്ചു വില കൂടുതലുണ്ട്. ഒരു ഗുളികക്ക് ഇരുപതു രൂപയിലധികം വരും. വായിൽപുരട്ടാൻ മറ്റൊരു മരുന്നും നിർദ്ദേശിച്ചു.

ഒരാഴ്ച് കഴിഞ്ഞ് കാണുമ്പോൾ .... സംഗതി ക്ലീൻ !

അപ്പോഴേക്കും റഷീദ് ശ്വാസംമുട്ടിനുള്ള ഗുളികകളും നിർത്തിയിരുന്നു. ശ്വാസംമുട്ടിന്റെ പൊടി പോലുമില്ല. റഷീദിന്റെ ആവശ്യപ്രകാരം ഒന്നുരണ്ടു ടോണിക്കുകൾ എത്തിച്ചുകൊടുത്തു.

കുറച്ചുനാൾ പ്രശ്നങ്ങളില്ലാതെ പോയി. ഇടക്കൊക്കെ ഞാൻ വീട്ടിലെത്തി സംസാരിച്ചിരിക്കുമായിരുന്നു. ഒരു



കാര്യം ഞാൻ പ്രത്യേകം ശ്രദ്ധിച്ചു. അഭ്യസ്തവിദ്യരെന്ന് അഭിമാനിക്കുന്നവർക്കിടയിൽ എയ്ഡ്സ് രോഗികളോട് കാട്ടുന്ന ഭ്രഷ്ടും തീണ്ടായ്മയും റഷീദിന്റെ വീട്ടുകാർക്ക് തീരെയില്ല. ജ്യേഷ്ഠന്മാരും അവരുടെ ഭാര്യമാരും ഉമ്മയും സ്വന്തം ഭാര്യയുമെല്ലാം ഒരു സാധാരണ മനുഷ്യന് കൊടുക്കുന്ന എല്ലാ സ്നേഹവും പരിചരണവും റഷീദിന് കൊടുക്കുന്നു. അസുഖം റഷീദിൽ വരുത്തിയ മാനസാന്തരവും അവന്റെ ഏറ്റുപറച്ചിലുകളും, മുമ്പ് താന്തോന്നിയെന്നും കുടിയനെന്നും മുദ്രകുത്തി അകറ്റി നിർത്തിയിരുന്ന അവനോട് ഒരു പ്രത്യേക സ്നേഹവും സഹതാപവും അവർക്കുണ്ടാക്കി എന്നതാണ് സത്യം.


മുമ്പും റഷീദിന് കുട്ടികളെന്നു വച്ചാൽ ജീവനായിരുന്നു. മദ്യപിച്ച് ലക്കുകെട്ട അവസ്ഥയിലായാലും വീട്ടിലെത്തുമ്പോൾ പലപ്പോഴും അവന്റെ കയ്യിൽ കുഞ്ഞുമക്കൾക്കുള്ള പലഹാരപ്പൊതിയുണ്ടാകുമായിരുന്നു. ആ അടുപ്പം തുടർന്നും കാണിക്കാൻ കുരുന്നുകൾ ആഗ്രഹിച്ചപ്പോഴും വല്ലാത്ത ഒരുൽക്കണ്ഠയോടെയും വേദനയോടെയും അവരുമായുള്ള അടുത്തിടപഴകൽ ഒഴിവാക്കാൻ റഷീദ് ശ്രമിക്കുന്നത് ഞാൻ കണ്ടു.

അതിനിടയിൽ റഷീദിന്റെ കഴുത്തിലെ മുഴകൾ വലുതായിക്കൊണ്ടിരുന്നു. അതിനുള്ള മരുന്നുകൾ വേണമെന്ന് റഷീദ് ആവശ്യപ്പെട്ടെങ്കിലും രോഗം കൃത്യമായി നിർണ്ണയിക്കാൻ സാധിക്കാത്തതിനാൽ മരുന്നുകൊടുക്കാൻ വയ്യെന്നു ഞാൻ പറഞ്ഞു.

ഒന്നുരണ്ടാഴ്ചത്തെ ഒരിടവേളക്കുശേഷം ഒരു ഫോൺകാൾ വന്നതുകാരണമാണ് ഞാൻ പിന്നീടവിടെ പോയത്. റഷീദിന്റെ ആരോഗ്യനില അൽപ്പം മോശമായിരിക്കുന്നു. കഴുത്തിൽ വീർത്തുനിന്ന കഴലകളിൽ മൂന്നെണ്ണം പൊട്ടി പഴുപ്പ് ദേഹത്തേക്കൊഴുകിക്കൊണ്ടിരുന്നു. എന്നാൽ ദുർഗന്ധമോ വേദനയോ തീരെയില്ലതാനും. പക്ഷേ റഷീദ് മാനസികമായി ആകെ തളർന്നിരുന്നു.

രണ്ടു ഗ്ലാസ്സ് സ്ലൈഡുകൾ സംഘടിപ്പിച്ച് അൽപം പഴുപ്പ് സാമ്പിളെടുത്ത് ടൗണിൽ എനിക്കു പരിചയമുള്ള ഒരു ലാബിൽ കൊടുത്തു. രണ്ടുദിവസം കഴിഞ്ഞ് അവർ റിസൾട്ടു തന്നു. നിറയെ ക്ഷയരോഗാണുക്കൾ!

പിറ്റേന്നുതന്നെ പ്രാഥമികാരോഗ്യ കേന്ദ്രവുമായി ബന്ധപ്പെട്ട് ടി.ബി.യുടെ മരുന്നുകൾ വാങ്ങണമെന്ന് ഞാൻ കരു



തി. എന്നാൽ റഷീദും ജ്യേഷ്ഠന്മാരും അതിനെതിരായിരുന്നു. വീട്ടിനടുത്തു പ്രാഥമികാരോഗ്യകേന്ദ്രത്തിൽ എങ്ങനെയെങ്കിലും വിവരമറിഞ്ഞാൽ അതു ലീക്കുചെയ്യും എന്നായിരുന്നു അവരുടെ പേടി. സംഗതി ന്യായമാണുതാനും.

പരിചയമുള്ള ചില ഡോക്ടർമാർ സഹായിച്ചു, റഷീദിന് മുടങ്ങാതെ കഴിക്കാൻ വേണ്ട വില കൂടിയ ടി.ബി. മരുന്നുകളുടെ സാമ്പിളുകൾ അവർ എനിക്കയച്ചുതന്നു.

മരുന്നുകൾ കഴിച്ചുതുടങ്ങി ഒരാഴ്ചക്കുള്ളിൽ തന്നെ പഴുപ്പു വരുന്നതു പൂർണ്ണമായും നിലച്ചു. രണ്ടാഴ്ചകൾ കൂടി കഴിഞ്ഞപ്പോൾ കഴലകൾ പൂർണ്ണമായും അപ്രത്യക്ഷമായി. എന്തുകൊണ്ടോ റഷീദ് മരുന്നുകൾ നിർത്തി. മരുന്നുകൾ വയറിന് ചെറിയ അസ്വാസ്ഥ്യമുണ്ടാക്കുന്നുവെന്ന് പറഞ്ഞായിരുന്നു ഇത്. കുറച്ചുനാൾ എനിക്കു റഷീദിനെ കാണാനും പറ്റിയില്ല. മരുന്നുകൾ നിർത്തി രണ്ടാഴ്ചകൾക്കുള്ളിൽ കഴലകൾ പതുക്കെ പ്രത്യക്ഷമാകാൻ തുടങ്ങി. അതിൽപിന്നെ റഷീദ് മരുന്നു നിർത്തിയുള്ള പരീക്ഷണങ്ങൾക്കൊരുമ്പെട്ടില്ല.

നേരം കിട്ടുമ്പോഴൊക്കെ ഞാൻ റഷീദിനെ സന്ദർശിച്ചുകൊണ്ടിരുന്നു. പതിയെ റഷീദ് എന്റെ നല്ലൊരു സുഹൃത്തായി മാറി. അവന്റെ ലോറി യാത്രകൾക്കിടയിലെ സാഹസിക അനുഭവങ്ങൾ കേട്ടിരിക്കാൻ എനിക്കും രസമായി മാറി. പക്ഷേ ഒരിക്കലും അവൻ എന്നോടു പറഞ്ഞില്ല, അവന് അസുഖം എങ്ങനെ കിട്ടിയെന്ന്. ഞാൻ ചോദിച്ചുമില്ല.

ഒരിക്കൽ പൊടുന്നനെ റഷീദ് എന്നോടു ചോദിച്ചു. "സാറേ, പാവം എന്റെ ഭാര്യയും കുഞ്ഞും .... അവർക്കും ഇതുണ്ടാകുമോ ? ഒരിക്കൽ ഞാനവളോട് ചോദിച്ചു ടെസ്റ്റ് ചെയ്ത് നോക്കണോ എന്ന്. അവൾ വിലക്കി. ആ രണ്ടു നിരപരാധികൾക്കും ഈ സൂക്കേടില്ല എന്നു വിശ്വസിക്കാൻ തന്നെയാണ് ഞാൻ ശ്രമിക്കുന്നത് ..."

ഞാൻ മറുപടിയൊന്നും പറഞ്ഞില്ല. ഇടക്കിടെ ഞാൻ റഷീദിന്റെ വീടു സന്ദർശിക്കുന്നതറിഞ്ഞ സമീപവാസികളായ എന്റെ ചില സുഹൃത്തുക്കൾ ഇടക്കെന്നോടു തിരക്കി, റഷീദിന്റെ അസുഖമെന്തെന്ന്. ഒരു പ്രത്യേക തരം ബ്ലഡ് കാൻസറാണ് റഷീദിന് എന്ന ഒരു നുണ പറയാനേ എനിക്കു സാധിച്ചുള്ളൂ. നേരു പറഞ്ഞാൽ റഷീദിന് അന്നുവരെ കിട്ടിയിരുന്ന മനസ്സമാധാനം തകരില്ല എന്ന് എന്താണുറപ്പ് ?

ക്ഷയരോഗത്തിനുള്ള മരുന്നുകൾ മുടങ്ങാതെ കഴിച്ചു തുടങ്ങിയശേഷം റഷീദിന്റെ ആരോഗ്യം ക്രമമായി മെച്ചപ്പെട്ടുവന്നു. നല്ല ഭക്ഷണം കഴിച്ച് ശരീരം പുഷ്ടിപ്പെടുത്താൻ അവൻ ശ്രദ്ധ വെച്ചു. റഷീദിന് നല്ല ഭക്ഷണം നൽകാൻ വീട്ടുകാരും പരമാവധി ശ്രമിച്ചു. അങ്ങാടിയിൽ പോയി സാധനങ്ങൾ വാങ്ങി വരുന്നത് ഇപ്പോൾ റഷീദ് തന്നെയാണ്.

ഇതിനിടെ റഷീദിന്റെ കുടിലിനടുത്തുതന്നെ സാമാന്യം വലിയ ഒരു വീടിന്റെ തറയുടെ പണി കഴിഞ്ഞിരുന്നു. ജ്യേഷ്ഠന്മാരും അനുജനും ആഞ്ഞു ശ്രമിക്കുകയാണ് അടുത്ത വർഷകാലത്തിനുമുമ്പെ വീടിന്റെ പണി ഒരു മാതിരിയെങ്കിലും തീർത്ത് എല്ലാവർക്കും കൂടി അങ്ങോട്ടു മാറാൻ. അനുജൻ വിവാഹപ്രായം കഴിഞ്ഞുനിൽക്കുന്നു. ആ കുടിലിലേക്ക് ഒരു പെണ്ണിനെക്കൂടി എങ്ങനെ കൊണ്ടുവരും ? തറയുടെ പണിയിൽ തന്നാൽ കഴിയുന്നതുപോലെ റഷീദും കൂടിക്കൊടുക്കുന്നുണ്ട്.

കഴിഞ്ഞാഴ്ച ഒരു സന്ധ്യക്ക് ഞാൻ റഷീദിന്റെ വീട്ടിൽ പോയിരുന്നു. ടി.ബി.യുടെ മരുന്നുകൾ മുടങ്ങാതെ മൂന്നു മാസങ്ങൾ പിന്നിട്ടിരിക്കുന്നു. ഇനി മുതൽ മരുന്നുകളുടെ എണ്ണം കുറക്കാം എന്നു ഞാൻ പറഞ്ഞു. കുറച്ചുസമയം സംസാരിച്ചിരുന്നു. മടങ്ങുമ്പോൾ തെങ്ങിൻ തോപ്പിന്റെ അറ്റംവരെ റഷീദ് എന്റെ കൂടെവന്നു. യാത്രപറഞ്ഞ് ഇറങ്ങാൻ തുടങ്ങുമ്പോൾ റഷീദ് പെട്ടെന്ന് എന്റെ കൈയിൽ പിടിച്ചുനിർത്തി.

"സാറേ, ഒരിക്കലും ഞാൻ നിങ്ങളോടാരോടും നന്ദി പറഞ്ഞിട്ടില്ല. അത്തരം കാര്യങ്ങൾ വാക്കുകളിലൊതുക്കാൻ ഞാനിഷ്ടപ്പെടുന്നുമില്ല. എന്നാലും ഞാൻ സാറിനോട് വേറൊരുകാര്യം പറയാം. ഞാൻ ഇനി എത്ര മാസം ഉണ്ടാകുമെന്ന് എനിക്ക് തീർച്ചയില്ല. എന്റെ കുടുംബത്തിന്‌വേണ്ടി എന്തെങ്കിലും എനിക്കു ചെയ്യണം. അവരുണ്ടാക്കുന്ന വീട്ടിൽ ഒട്ടൊരവകാശത്തോടെ എന്റെ ഭാര്യക്കും കുഞ്ഞിനും കഴിയാൻ സാധിക്കണം. ഞാൻ കഴിഞ്ഞദിവസം എന്റെ ട്രാൻസ്പോർട്ട് കമ്പനിയുടെ ആളുകളുമായി സംസാരിച്ചിരുന്നു. അവർക്കാർക്കും എന്റെ അസുഖമെന്താണെന്നറിയുകയുമില്ല. അടുത്താഴ്ച മുതൽ ഞാൻ ലോറിയിൽ സഹായിയായി പോയിത്തുടങ്ങുകയാണ്. ലോങ്ട്രിപ്പിൽ പോയാൽ, വലിയ അദ്ധ്വാനമില്ലാതെ തരക്കേടില്ലാത്ത കാശുകിട്ടും. കന്നടഭാഷ എന്റെയത്ര നന്നായി കൈകാര്യം ചെയ്യുന്നവർ കമ്പനിയിൽ ഇപ്പോൾ കുറവാണ്. അതിനാൽ അവർക്ക് ഞാൻ ജോലിക്കു ചെല്ലുന്നതിൽ സന്തോഷമേയുള്ളൂ. പിന്നെ തിരിച്ചുവരുമ്പോൾ ചില്ലറ സാധനങ്ങൾ ഇങ്ങോട്ടുകൊണ്ടുവന്ന് ഇവിടുത്തെ കടക്കാർക്കു കൊടുത്താൽ മോശമല്ലാത്ത ഒരു തുക ആയിനത്തിലും കിട്ടും. ഒരു പത്തു ചാക്കെങ്കിലും സിമന്റ്, രണ്ടുലോഡു വീതം മണലും കല്ലും കുറച്ചു കമ്പി ..... ഇത്രയെങ്കിലും എന്റെ വീട്ടുകാർക്കുവേണ്ടി ഉണ്ടാക്കിക്കൊടുക്കാൻ എനിക്കു പറ്റണ്ടേ സാറേ.... മരിക്കുമ്പോൾ സമാധാനമായി കണ്ണടക്കാനെങ്കിലും വേണ്ടി സാറെന്നെ അനുഗ്രഹിക്കണം ..... "

റഷീദിന്റെ കണ്ണുകൾ നിറഞ്ഞൊഴുകുന്നുണ്ടായിരുന്നു. ഞാൻ അയാളുടെ രണ്ടുകൈകളും കൂട്ടിപ്പിടിച്ച് അൽപനേരം നിന്നു. പിന്നെ ഒന്നും പറയാതെ വയലിലേക്കിറങ്ങി നടന്നു.

പുറത്ത് അരണ്ട നാട്ടുവെളിച്ചമേയുള്ളൂ. പക്ഷേ എന്റെ മനസ്സിനകത്ത് ഒരു പൗർണ്ണമി മുഴുവൻ നിലാവു പെയ്ത് നിൽക്കുന്നതുപോലെ .....

ഞാൻ നടന്നു ........